# പെരുമ്പാവൂർ മേഖലയിൽ അനധികൃതമായി പണമിടപാടുകൾ നടത്തുന്ന തമിഴ് സംഘത്തെ പിടികൂടി

അനധികൃത പണമിടപാട് നടത്തി വന്നിരുന്ന തമിഴ്നാട് സ്വദേശികളായ തിരുപ്പൂർ ജില്ല ധാരാപുരം ശരവണ വലശ് ഭാഗത്തുള്ള ശെന്തിമലൈ മകൻ ബാലസുബ്രഹ്മണ്യൻ (34) കരൂർ ജില്ല വാലനായ്ക്കൻപട്ടി മലയപ്പൻ മകൻ സതീഷ് കുമാർ (24) എന്നിവരെ പിടികൂടി.

ഇവർ പെരുമ്പാവൂർ ഭാഗത്ത് പണം വിതരണം ചെയ്യുവാൻ ശ്രമിക്കുമ്പോൾ എസ്.ഐ. പി.എ ഫൈസൽ, അഡീ.എസ്.ഐ പി.കെ.എൽദോസ് എ.എസ്.ഐ മാരായ പോൾ, ശശി, സി.പി.ഒ മാരായ ഷെമീർ, റെന്നി എന്നിവർ ചേർന്നാണ് അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി.